**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4959** **14-03-2023 - ൽ മറുപടിയ്ക്ക്**

**റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാൻ മൊബൈൽ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാൻ മൊബൈൽ ആപ്പ് നിലവിലുണ്ടായിരുന്നോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് പി.ഡബ്ല്യൂഡി ഫിക്സിറ്റ് എന്ന മൊബൈൽ ആപ്പ് 2018 ജൂലൈ മാസത്തിൽ നടപ്പിലാക്കിയിരുന്നു. |
| (ബി) | 'പി.ഡബ്ല്യൂഡി. ഫിക്സ്-ഇറ്റ് ' എന്ന ആപ്പ് നിർമ്മിക്കാനായി ഏതു കമ്പനിയെയാണ് ചുമതലപ്പെടുത്തിയതെന്നും എത്ര തുകയ്ക്കാണ് ആപ്പ് നിർമ്മിച്ചതെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത മൊബൈൽ ആപ്പ് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന്റെ കീഴിലുള്ള തൃശ്ശൂർ ഇലക്ട്രോണിക്സ് ഡിവിഷൻ 'ഹബ്സ്പെയർ ' എന്ന സ്റ്റാർട്ട് അപ് കമ്പനിയുമായി സഹകരിച്ച് തികച്ചും സൗജന്യമായാണ് നടപ്പിലാക്കിയത്. |
| (സി) | ഈ ആപ്പ് പ്രവർത്തനരഹിതമായതിന്റെ കാരണം വിശദമാക്കാമോ? | (സി) | ഈ മൊബൈൽ ആപ്പ് നടപ്പിലാക്കിയ ശേഷം ആപ്പിന്റെ പ്രവർത്തനത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ചെലവും സർവ്വർ മുതലായവയുടെ ചെലവും സാങ്കേതിക സഹായവും നിർവ്വഹിക്കുവാൻ ആപ്പിന്റെ ഡെവലപ്പർ ആയ കമ്പനി തയ്യാറാകാത്തത് കാരണം 2019 ജൂലൈ മാസത്തിനു ശേഷം ആപ്പിന്റെ പ്രവർത്തനം നിലയ്ക്കുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ